# ആധുനികാനന്തര മലയാള കഥയിലെ ആഖ്യാനം:
## എൻ.എസ്.മാധവന്റെ കഥകളെ മുൻനിർത്തിയുള്ള പഠനം
### (പ്രബന്ധസംഗ്രഹം)

ദിവ്യ. ഡി.

സാഹിത്യവും, ദൃശ്യമാധ്യമങ്ങളുമെല്ലാം ആഖ്യാനവൈവിധ്യങ്ങളാൽ സമൂഹത്തിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. ആധുനികസാഹിത്യത്തിന്റെ ആഖ്യാനതന്ത്രങ്ങളിൽ നിന്ന് തികച്ചും വിഭിന്നമാണ് ആധുനികാനന്തര സാഹിത്യ ത്തിലെ ആഖ്യാനതന്ത്രങ്ങൾ. ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമുള്ള ധ്വന്യാത്മകമായ ആവിഷ്കരണരീതികൾ ആധുനികതാവാദ സാഹിത്യത്തെ ഗഹനമാക്കി. എന്നാൽ ആധുനികാനന്തരസാഹിത്യമാകട്ടെ ആഖ്യാനത്തെ കൂടുതൽ ലളിതമായി ആവിഷ്കരിക്കുവാനാണ് ശ്രമിച്ചത്. സാഹിത്യം മാത്രമല്ല ദൃശ്യ മാധ്യമങ്ങളും ആഖ്യാനത്തിന്റെ ലളിതവത്കരണം നടത്തുന്നുണ്ട്. ഇന്നത്തെ സാഹിത്യവും ദൃശ്യമാധ്യമ ങ്ങളുമെല്ലാം തന്നെ ആഖ്യാനത്തിന്റെ വൈവിധ്യത്താലാണ് ജനശ്രദ്ധ നേടുന്നത്. ജനങ്ങളെ വളരെയേറെ സ്വാധീനിക്കുന്ന നാടോടിക്കഥന സമ്പ്രദായങ്ങളും നവമാധ്യമങ്ങളുടെ അവതരണരീതികളും എല്ലാം ആഖ്യാനത്തിന്റെ വൈവിധ്യങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ആഖ്യാനം കേവലം അവതരണരീതി മാത്രമല്ല, സവിശേഷമായ വ്യവഹാരമണ്ഡലങ്ങളെ ഉൾക്കൊള്ളുന്നവയാണ്. അതിനാൽ ഘടനാവിശകലനത്തോടൊപ്പം കഥകളുടെ സാംസ്കാരിക പാഠങ്ങളിലേക്കുള്ള സാമാന്യമായ ഒരു അന്വേഷണം കൂടിയാണ് ഈ പ്രബന്ധം.

### രീതിശാസ്ത്രം

ആധുനികാനന്തര മലയാള കഥയിലെ ആഖ്യാനം : എൻ. എസ്. മാധവന്റെ കഥകളെ മുൻനിർത്തിയുള്ള പഠനം എന്ന ഈ പ്രബന്ധത്തിൽ എൻ. എസ് മാധവന്റെ കഥകളുടെ സമഗ്രപഠനമല്ല ലക്ഷ്യമാക്കുന്നത്. എൻ. എസ് മാധവന്റെ തെരഞ്ഞെടുത്ത കഥകളുടെ ആഖ്യാനവിശകലനവും, ആധുനികാനന്തര കാലഘട്ടത്തിലെ എഴുത്തു കാരുടെ തെരഞ്ഞെടുത്ത കഥകളുടെ ആഖ്യാനവിശകലനവും ഏതാണ്ട് തുല്യ പ്രാധാന്യത്തോടെയാണ് ഈ പ്രബന്ധത്തിൽ നിർവഹിച്ചിരിക്കുന്നത്.

ആഖ്യാന വിജ്ഞാനത്തിന്റെ രീതിശാസ്ത്രമാണ് ഈ പഠനത്തിന് പ്രയോജന പ്പെടുത്തിയിരിക്കുന്നത്. ഫാബുല, സൂഷെ, പ്ലോട്ട് അഥവാ ഇതിവൃത്തം, കഥാപാത്രങ്ങൾ, കാലം, കേന്ദ്രീകരണം, ആഖ്യാനത, മാധ്യമത എന്നീ മുഖ്യസങ്കൽപനങ്ങളെ ഈ പ്രബന്ധത്തിൽ വിശക ലനത്തിനായി ഉപയോഗപ്പെത്തുന്നുണ്ട്. കൂടാതെ അരിസ്റ്റോട്ടിൽ, വ്ലാഡിമിർ പ്രോപ്പ്, റോമൻ ജക്കോബ്സൺ, റൊളാങ്ബർത്ത്, ടൊഡറോവ്, എഫ്.കെ സ്റ്റാൻസൻ, സെയമോൾ ചാറ്റ്മാൻ, വെയ്ൻ സി ബൂത്ത്, ജെറാൾഡ് ജെനറ്റ്, മോണിക്ക ഫ്ളുഡർനിക്ക്, സൂസൻലാൻസർ, ജൂഡിത്ത് റൂഫ്, ആൻഡ്രൂ ഗിബ്സൻ, പോൾ റിക്വർ തുടങ്ങിയവരുടെ ആഖ്യാനസിദ്ധാന്തങ്ങളെ ഉപയോഗി ച്ചാണ് ഈ പഠനം മുന്നോട്ടുപോകുന്നത്.

## പ്രബന്ധ ഘടന

**അദ്ധ്യായം ഒന്ന് : ആഖ്യാനവിജ്ഞാനത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലം**

ആഖ്യാനവിജ്ഞാനത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലം എന്ന ഒന്നാം അദ്ധ്യായത്തിൽ ആഖ്യാനസമ്പ്രദായങ്ങൾക്ക് വിവിധ കാലഘട്ടങ്ങളിൽ വന്ന വിവിധ പരിണാമത്തെ സൂചിപ്പിക്കുന്നു. ആഖ്യാനശാസ്ത്രത്തിലെ സാങ്കേതികപദങ്ങളെയും പ്രധാനപ്പെട്ട ചില സങ്കൽപനങ്ങളെയും ഈ അദ്ധ്യായത്തിൽ പരിചയപ്പെടുത്തുന്നു. നറേറ്റീവ്, നറേറ്റോളജി അഥവാ ആഖ്യാനവിജ്ഞാനീയം, ഫാബുല, സൂഷെ, പ്ലോട്ട് അഥവാ ഇതിവൃത്തം, കഥാപാത്രങ്ങൾ, കാലം, കേന്ദ്രീകരണം, ആഖ്യാനത, മാധ്യമത എന്നിങ്ങനെ മുഖ്യസങ്കൽപനങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ആഖ്യാന വിജ്ഞാനത്തിന്റെ ചരിത്രത്തിൽ അരിസ്റ്റോട്ടിൽ, വ്ലാഡിമിർ പ്രോപ്പ്, റോമൻ ജക്കോബ്സൺ, റൊളാങ്ബർത്ത്, ടൊഡറോവ്, എഫ്.കെ സ്റ്റാൻസൻ, സെയമോൾ ചാറ്റ്മാൻ, വെയ്ൻ സി ബൂത്ത്, ജെറാൾഡ് ജെനറ്റ്, മോണിക്ക ഫ്ളുഡർനിക്ക്, സൂസൻലാൻസർ, ജൂഡിത്ത് റൂഫ്, ആൻഡ്രൂ ഗിബ്സൻ, പോൾ റിക്വർ തുടങ്ങിയ വരുടെ സിദ്ധാന്തങ്ങളെ സംഗ്രഹിച്ച് അവതരിപ്പിക്കുന്നു. ആഖ്യാനകലയിലെ ഭാരതീയ പശ്ചാത്തലത്തിൽ കഥാസരിത്സാഗരം, പഞ്ചതന്ത്രകഥകൾ, വിക്രമാദിത്യകഥകൾ, തുടങ്ങിയ കഥകളിലെ പ്രാചീനമായ ആഖ്യാനങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു. തുടർന്ന് ഭാരതീയവും, ആധുനികോത്തരവുമായ ആഖ്യാനരീതികളെ താരതമ്യം ചെയ്യുന്നു. ആഖ്യാനവിജ്ഞാനത്തിന്റ സിദ്ധാന്തങ്ങളെയെല്ലാം പരിചയപ്പെടുത്തുക എന്നതല്ല ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. അതിനാൽ ഈ മേഖലയിലെ പ്രധാനപ്പെട്ട ചില സിദ്ധാന്തങ്ങൾ മാത്രമാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്.

**അദ്ധ്യായം രണ്ട് : ആധുനികോത്തരതയും സാഹിത്യവും**

രണ്ടാം അദ്ധ്യായമായ ആധുനികോത്തരതയും സാഹിത്യവും എന്നതിൽ ആധുനികതാവാദ സാഹിത്യത്തിന്റെയും ആധുനികോത്തരസാഹിത്യത്തിന്റെയും പ്രവണതകളെ അവതരിപ്പിക്കുന്നു. പോസ്റ്റ്മോഡേണിറ്റി എന്ന അർത്ഥത്തിൽ ആധുനികോത്തരത, ആധുനികാനന്തരത, ഉത്തരാധുനികത എന്നീ പദങ്ങൾ ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. മോഡേണിറ്റി മോഡേണിസം, പോസ്റ്റ്മോഡേണിറ്റി, പോസ്റ്റ് മോഡേണിസം എന്നീ പദങ്ങളുടെ അർത്ഥ വ്യത്യാസങ്ങളും വിശദമാക്കിയിട്ടുണ്ട്. ആധുനികത യൂറോപ്പിൽ രൂപപ്പെട്ട ചരിത്രസന്ദർഭങ്ങളെ കുറിച്ചും കേരളത്തിൽ രൂപപ്പെട്ടതിന്റെ കാരണങ്ങളെകുറിച്ചും ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ചർച്ച ചെയ്യുന്നു. തുടർന്ന് ആധുനികതാവാദത്തിന്റെ സൈദ്ധാന്തിക തലത്തെ കുറിച്ച് വിശദീകരിക്കുന്നു. ആധുനികോത്തരത രൂപപ്പെട്ട സാമൂഹ്യ - ചരിത്ര സന്ദർഭങ്ങളെ കുറിച്ച് പ്രതിപാദിക്കുമ്പോൾ ഫ്രെഡറിക് ജെയിംസൺ, ലോത്യർ, ബോദ്രിയാർ എന്നിവരുടെ ആശയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ജനപ്രിയ സംസ്കാരവും ആധുനികോത്തരതയും തമ്മിലുള്ള ബന്ധത്തെകുറിച്ച് വിവരിക്കുന്നു. ആധുനികോത്തരതയുടെ സവിശേഷതകളായ പാരഡി, മിശ്രരചന, പാഠാന്തരത, അതികഥ എന്നിവയെ വിശകലനം ചെയ്യുന്നു. പാരഡിയിൽ ഫ്രെഡറിക് ജയിംസൺ, ലിൻഡ ഹാഷിയൻ, മാർഗരറ്റ് റോസ്, ഡെന്റിറ്റ് സൈമൺ എന്നിവർ പാരഡിയെ

കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ക്രോഡീകരിക്കുന്നു. പാരഡിയുടെ ഉത്ഭവം, അതിന്റെ ധർമ്മം എന്നിവയെ കുറിച്ചും വിവരിച്ചിരിക്കുന്നു. പാഠാന്തരത എന്ന സങ്കൽപത്തിന്റെ ആവിർഭാവവും അതിന്റെ സൈദ്ധാന്തിക പശ്ചാത്തലവും ഈ അദ്ധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട് അതികഥയെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആധുനികോത്തര കാലഘട്ടത്തിൽ അതികഥ സാഹിത്യത്തിൽ വരാനുണ്ടായ സാഹചര്യവും വിവിധതരത്തിലുള്ള അതികഥകളെ കുറിച്ചും പറയുന്നു. ആധുനികോത്തരത കേരളത്തിലെ ജനതയെ എപ്രകാരം സ്വാധീനിച്ചുവെന്നും അത് ചെറുകഥയിൽ പ്രതിഫലിച്ചത് എങ്ങനെയെന്നുമുള്ള വിവരണത്തിലൂടെയാണ് രണ്ടാം അദ്ധ്യായം അവസാനിക്കുന്നത്. ആധുനികോത്തരതയിലെ എല്ലാ സൈദ്ധാന്തികരെയും അവരുടെയെല്ലാം നിലപാടുകളെയും ഈ അദ്ധ്യായത്തിൽ ഉൾകൊള്ളിച്ചിട്ടില്ല. ആധുനികോത്തര സാഹിത്യത്തെ സാമാന്യമായി വിവരിക്കുക മാത്രമാണ് ഈ അദ്ധ്യായത്തിൽ ചെയ്തിട്ടുള്ളത്.

**അദ്ധ്യായം മൂന്ന് : എൻ. എസ്. മാധവന്റെ കഥകളുടെ ആഖ്യാനതന്ത്രങ്ങൾ**

ഈ പ്രബന്ധത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂന്നും നാലും അദ്ധ്യായങ്ങളാണ്. വിശകലനവും അപഗ്രഥനവുമെല്ലാം ഈ രണ്ടു അദ്ധ്യായങ്ങളിലാണ് നടക്കുന്നത്. എൻ. എസ്. മാധവന്റെ കഥകളുടെ ആഖ്യാനതന്ത്രങ്ങൾ എന്നതാണ് മൂന്നാമത്തെ അദ്ധ്യായത്തിന്റെ ശീർഷകം. എൻ. എസ്. മാധവന്റെ കഥകളുടെ സമഗ്രപഠനം അല്ല ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം. പ്രാതിനിധ്യസ്വഭാവമുള്ള ഏതാനും കഥകളുടെ ആഖ്യാന വിശകലനമാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്. ആഖ്യാനവിശകലനത്തിനായി മാധവന്റെ കഥകളെ രാഷ്ട്രീയം- ചരിത്രം - അപരത്വം എന്നും വിവാഹേതരബന്ധം- കുടുംബം- ലൈംഗികത എന്നും വർഗീകരിച്ചിരിക്കുന്നു. പ്രമേയത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ വർഗീകരണം ആഖ്യാനവിശകലനത്തിന് യോജിച്ചതല്ല എന്ന് ആദ്യം തോന്നാമെങ്കിലും മാധവന്റെ കഥകളെ സംബന്ധിച്ച് ഈ വർഗ്ഗീകരണം ഉചിതമാണ്. പ്രമേയപരവും ആഖ്യാനപരവുമായ വൈവിധ്യമാണ് മാധവന്റെ കഥകളുടെ സവിശേഷത. അതിനാൽ ആഖ്യാനസവിശേഷതകളുടെ പേരിൽ കഥകളെ വർഗീകരിക്കുക എന്നത് ദുഷ്കരമാണ്. മാധവന്റെ ഒരു കഥയുടെ ആഖ്യാനസങ്കേതത്തോട് സാമ്യമുള്ള അദ്ദേഹത്തിന്റെ തന്നെ മറ്റൊരു കഥ കണ്ടെത്താനാവുകയില്ല. അതിനാൽ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് കഥകളെ വർഗീകരിച്ചിരിക്കുന്നത്. എന്നാൽ പ്രമേയപഠനമല്ല ആഖ്യാനതന്ത്രങ്ങൾ വിശകലനം ചെയ്യുകയും അവയിലെ സവിശേഷതകൾ കണ്ടെത്തുകയുമാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

വൻമരങ്ങൾ വീഴുമ്പോൾ, തിരുത്ത്, മുയൽവേട്ട, നാലാം ലോകം , മുംബൈ, നിലവിളി എന്നിങ്ങനെ തെരഞ്ഞെടുത്ത കഥകളാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് വിശകലനം ചെയ്യുന്നത്. മുയൽവേട്ട എന്ന കഥയിൽ ഭരണകൂടത്തിന്റെ നക്സൽവേട്ടയാണ് പ്രമേയം. ജോലിയിൽ നിന്ന് വിരമിച്ച ഒരു പോലീസുകാരനെയുംകൂട്ടി കാട്ടിൽ മുയൽവേട്ടയ്ക്ക് പോകുന്നു. ഈ മുയൽവേട്ടയെ പണ്ട് ജോലിയിലായിരുന്ന കാലത്ത് അയാൾ നടത്തിയ ഒരു നക്സൽവേട്ടയുമായി താരതമ്യം ചെയ്തുകൊണ്ട് ആഖ്യാനവിശകലനം നടത്തുന്നു. അമ്മ എന്ന ചെറുകഥയിൽ മുൻകാലനക്സലൈറ്റ് പ്രവർത്തകയെ ഒരു വിദേശചാനലിലെ ഡോക്യുമെന്ററി

യ്ക്കു വേണ്ടി ഒരു പെൺകുട്ടി അഭിമുഖം ചെയ്യുന്നു സിനിമയിലെ എഡിറ്റിംഗ് തന്ത്രങ്ങൾ വിദഗ്ധമായി ഉപയോഗിച്ചിരിക്കുന്ന കഥയാണിത്. കഥയിലെ ദൃശ്യ ഭാഷയെ വിശകലനം ചെയ്യുന്നതോടൊപ്പം അത് നിർമ്മിക്കുന്ന രാഷ്ട്രീയത്തെ കുറിച്ചും പരാമർശിക്കുന്നുണ്ട്. വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥ ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായ ഇന്ദിരാഗാന്ധി വധത്തെ ആസ്പദമാക്കി എഴുതിയതാണ്. ചരിത്രത്തിലെ ഒരു പ്രതിസന്ധി ഘട്ടത്തെ വർത്തമാനകാലവുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള ഈ കഥയിലെ ആഖ്യാന വിശകലനത്തിൽ സിനിമയിലെ സങ്കേതങ്ങൾ എപ്രകാരമാണ് ആഖ്യാനത്തെ സ്വാധീനിക്കുന്നതെന്ന് പരിശോധിക്കാൻ ശ്രമിക്കുന്നു. വ്യത്യസ്തകാലങ്ങളും സ്ഥലങ്ങളും ചരിത്രസന്ദർഭങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന 'നാലാംലോക'ത്തിൽ വ്യത്യസ്ത ന്യൂക്ലിയസുകളും സ്ഥല-കാലങ്ങളും എപ്രകാരമാണ് കഥാകൃത്ത് വിന്യസിച്ചിരിക്കുന്നതെന്ന് അന്വേഷിക്കാനാണ് ശ്രമിക്കുന്നത്. തിരുത്തിൽ ബാബ്റി – മസ്ജിദ് സംഭവം ഇന്ത്യയിലെ മുസ്ലിംങ്ങളിൽ ഉണ്ടാക്കിയ പ്രതികരണത്തെ ആഖ്യാനം ചെയ്യുന്നതെങ്ങനെ എന്ന് നിരീക്ഷിക്കാൻ ശ്രമിക്കുന്നു. നിലവിളി, മുബൈ, ഹിഗ്വിറ്റ എന്നീ കഥകളിലും മുസ്ലിം അപരത്വം ആഖ്യാനത്തെ പ്രശ്നവൽകരിക്കുന്നത് എങ്ങനെ എന്ന് പഠിക്കാൻ ശ്രമിക്കുന്നു. കപ്പിത്താന്റെ  മകൾ, എന്റെ മകൾ ഒരു സ്ത്രീ എന്നീ കഥകൾ പിതൃപുത്രി ബന്ധത്തെ സൂചിപ്പിക്കുന്ന കഥകളാണ്. 'അനുഷ്ഠാനഹത്യ'കളിൽ കുടുംബബന്ധങ്ങളിലുണ്ടാകുന്ന ശൈഥില്യമാണ് സൂചിപ്പിക്കുന്നത്. കാണി, ആയിരത്തിരണ്ടാമത്തെ രാവ്, ശേഷം എന്നീ കഥകളിൽ വിവാഹേതരബന്ധങ്ങളും, ലൈംഗികതയും പുലപ്പേടി, ശർമ്മിഷ്ഠ, കത്തിയേറുകാരന്റെ കഥ, എന്നീ കഥകളിൽ ലൈംഗിക സൂചനകളും കടന്നു വരുന്നുണ്ട് ഈ കഥകളുടെ ആഖ്യാനവിശകലനം ആണ് മൂന്നാം അദ്ധ്യായത്തിൽ നടത്തുന്നത്. ആഖ്യാനവിജ്ഞാനം, ചിഹ്നശാസ്ത്രം എന്നിവയുടെ സഹായത്തോടെയാണ് ഇതിന് ശ്രമിക്കുന്നത്.

**അദ്ധ്യായം നാല് : ആധുനികാനന്തര മലയാളചെറുകഥയിലെ ആഖ്യാനതന്ത്രങ്ങൾ**

'ആധുനികാനന്തര മലയാളചെറുകഥയിലെ ആഖ്യാനതന്ത്രങ്ങൾ' എന്ന നാലാം അദ്ധ്യായത്തിൽ മാധ്യമസംസ്ക്കാരം, സൈബർസ്വാധീനം, പരസ്യഭാഷാസ്വാധീനം, പാഠാന്തരത, പാരഡി, അതികഥ, ഭ്രമാത്മകത, പുരാവൃത്തസ്വാധീനം, ചരിത്രം എന്നീ ഉപവിഭാഗങ്ങളായി തിരിച്ച് ഇരുപത്തിയേഴ് ചെറുകഥകളെയാണ് വിശകലനം ചെയ്യുന്നത്.  മാധ്യമസംസ്കാരത്തിൽ അംബികാസുതൻ മാങ്ങാടിന്റെ കൊമേർഷ്യൽ ബ്രേക്ക്, സിതാര എസിന്റെ ഉത്തരാർത്ഥം, സന്തോഷ് ഏച്ചിക്കാനത്തിന്റെ കൊമാല എന്നീ കഥകളാണ് പഠനത്തിനായി തെരഞ്ഞടുത്തിരിക്കുന്നത്. മാധ്യമസംസ്കാരം ആഖ്യാനത്തെ നിർണ്ണയിക്കുന്നതെങ്ങനെ എന്ന് ഈ കഥകളുടെ ആഖ്യാനവിശകലനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു.

സൈബർസ്വാധീനത്തിൽ ബി.മുരളിയുടെ ചാറ്റൽ മഴയിലെ ഏകാകി, ഇ.പി. ശ്രീകുമാറിന്റെ ഡെഡ്ലൈൻ, എം. രാജീവ്കുമാറിന്റെ സൈബ്രോഗ് എന്നീ കഥകളാണ് വിശകലനം ചെയ്യാൻ

ശ്രമിക്കുന്നത്. സൈബർ സംസ്കാരം ആഖ്യാനത്തിൽ സ്വാധീനം വരുത്തുന്നുണ്ടോ എന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്. പരസ്യഭാഷ സ്വാധീനത്തിലാകട്ടെ അംബികാസുതൻ മാങ്ങാടിന്റെ അനുഭൂതികൾക്ക് നിറം, ഇ.പിശ്രീകുമാറിന്റെ പരസ്യശരീരം, പ്രിയ എ.എസിന്റെ താമരക്കനി എന്നീ കഥകളാണ് വിശകലന വിധേയമാക്കിയത്. പരസ്യഭാഷ കേവലം ആഖ്യാനതന്ത്രം മാത്രമാണോ, അതിന് പ്രമേയവുമായി ഗാഢബന്ധം ഉണ്ടോ തുടങ്ങിയ കാര്യങ്ങളാണ് ഈ വിഭാഗത്തിലെ കഥകളിൽ അന്വേഷിക്കുന്നത്. പാഠാന്തരതയിൽ സന്തോഷ് ഏച്ചിക്കാനത്തിന്റെ ഡേവിഡ്ജി കോഡ്, വി. എച്ച് നിഷാദിന്റെ രമണനും, മദനനും , പ്രിയ എ.എസിന്റെ ചാരുലതയുടെ ബാക്കി എന്നീകഥകളെയാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പാഠാന്തരത്വം കൊണ്ട്ഈ കഥകളുടെ ആഖ്യാനത്തിന് മേൻമയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. പാരഡിയിൽ ബി. മുരളിയുടെ ലോറാ നീ എവിടെ, ആലീസ് ഇൻ വണ്ടർലാന്റ് എന്നീ കഥകളും സിതാര എസിന്റെ പ്രണയചന്ദ്രിക എന്ന കഥയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പാരഡി എന്ന ആഖ്യാനതന്ത്രംകൊണ്ട് കഥകൾക്കുണ്ടായിരിക്കുന്ന ആഖ്യാനപരമായ സവിശേഷതകളെയാണ് ഈ ഭാഗത്ത് പഠിക്കാൻ ശ്രമിക്കുന്നത്.

അതികഥയിൽ ചന്ദ്രമതിയുടെ ഉത്തരാധുനിക കഥാ - പ്രതിസന്ധി, എൻ. പ്രഭാകരന്റെ രാത്രിമൊഴി, ബിജു സി.പിയുടെ മറ്റൊരു കഥാകൃത്ത്, കുരുശിൽ എന്നീ കഥകളുമാണ് പഠനത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ കഥകളിലെ അതികഥാസ്വഭാവവും അത് ഉൽപാദിപ്പിച്ച പ്രത്യയശാസ്ത്രവുമാണ് വിശകലനം ചെയ്യുന്നത്. ഭ്രമാത്മകതയിൽ എൻ. പ്രഭാകരന്റെ മായാമയൻ, സുസ്മേഷ് ചന്ത്രോത്തിന്റെ മാംസഭുക്കുകൾ, അംബികാസുതൻ മങ്ങാടിന്റെ മോക്ഷം എന്നീ കഥകളുടെ ആഖ്യാന സവിശേഷതകളെയും ഭ്രമാത്മകതയ്ക്ക് ഹേതുവായ ഘടകങ്ങളെയും ആണ് വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്. പുരാവൃത്തങ്ങളും, ഐതിഹ്യങ്ങളും നമ്മുടെ സംസ്കാരത്തിന്റെ ചിഹ്നങ്ങളാണ്. പുരാവൃത്തങ്ങൾ പുതുകഥകളിൽ ആവിഷ്കരിക്കപ്പെടുമ്പോൾ പുതുമകൾ ഉണ്ടാകാറുണ്ട്. സന്തോഷ് ഏച്ചിക്കാനത്തിന്റെ ഒരു ചിത്രകഥയിലെ നായാട്ടുകാർ, പി.വി. ഷാജികുമാറിന്റെ വെള്ളരിപ്പാടം എന്നീ കഥകളുടെ വിശകലനത്തിലൂടെ ഇത്തരം ആഖ്യാന സവിശേഷതകൾ കണ്ടെത്താനാണ് ശ്രമിക്കുന്നത്. കെ. ആർ. മീരയുടെ മച്ചകത്തെ തച്ചനിലൂടെ ഐതിഹ്യങ്ങൾ ആഖ്യാനതന്ത്രമാകുന്നതും അപഗ്രഥിക്കുന്നുണ്ട്. ചരിത്രം പുതുകഥകളിൽ പ്രമേയമായി വരുമ്പോൾ ആഖ്യാനം എങ്ങനെ വ്യത്യസ്തമാകുന്നു എന്നാണ് ഇ. സന്തോഷ് കുമാറിന്റെ മുട്ടയോളം വലിപ്പമുള്ള ധാന്യമണികൾ. അശോകൻ ചരുവിലിന്റെ 'ഡിജിറ്റൽ സ്റ്റുഡിയോ', കെ.വി.അനൂപിന്റെ 'കാഴ്ചയ്ക്കുള്ള വിഭവങ്ങൾ'എന്നീ കഥകളിൽ പഠിക്കാൻ ശ്രമിക്കുന്നത്. നാല് അദ്ധ്യായങ്ങൾക്ക് ശേഷമുള്ള ഉപസംഹാരത്തിൽ ഈ പ്രബന്ധത്തിലെ നിഗമനങ്ങളും കണ്ടെത്തലുകളും ക്രോഡീകരിക്കുന്നു.

**നിഗമനങ്ങൾ**

വൈവിധ്യങ്ങളായ ആഖ്യാനരീതികളും പ്രമേയങ്ങളുമാണ് ആധുനികാനന്തര

മലയാളചെറുകഥയുടെ സവിശേഷത. ആഖ്യാനവിജ്ഞാനത്തിന്റെ സൈദ്ധാന്തിക പശ്ചാത്തലം എന്ന ഒന്നാം അദ്ധ്യായത്തിൽ ആഖ്യാനവിജ്ഞാനീയത്തിന്റെ ആദ്യകാല സൈദ്ധാന്തികർ ഘടനാ പഠനത്തിന് പ്രാധാന്യം നൽകിയപ്പോൾ പിൽക്കാല സൈദ്ധാന്തികർ ലിംഗപഠനം, മനോവിശ്ലേഷണം തുടങ്ങിയ ജ്ഞാനമേഖലകളുമായി ചേർന്ന് ആഖ്യാനവിജ്ഞാനീയത്തെ വിപുലപ്പെടുത്തിയതാ യിട്ടാണ് കണ്ടെത്തിയത്. ഭാരതീയ ആഖ്യാനരീതികൾ പരിശോധിച്ചപ്പോൾ അതികഥ, കഥയ്ക്കുള്ളിലെ കഥ തുടങ്ങിയ സമ്പ്രദായങ്ങളും ആധുനികോത്തരമായ ആഖ്യാനതന്ത്രങ്ങളും തമ്മിൽ സാമ്യമുള്ളതായി കണ്ടു. ഈ സാദൃശ്യം കഥയെ യഥാതഥമായി കാണാതെ , വിമർശനാത്മകമായി കാണാനുള്ള കാഴ്ചപ്പാടിനെയാണ് മുന്നോട്ട് വയ്ക്കുന്നത്. യഥാർത്ഥ്യം ഒന്നല്ല, പലതാണ് എന്നുള്ള വിമർശനാത്മകമായ ലോകബോധം ഇത്തരം ആഖ്യാനരീതികളിലൂടെ പുറത്തു വരുന്നു. ലോകത്തിലെ വിവിധ ഭാഷകളിൽ പ്രാചീനമായിട്ടുണ്ടായിരുന്ന കഥനരീതികൾ പലതും ആധുനികോത്തരകാലഘട്ടത്തിൽ ഉയിർത്തെണീറ്റുവരുന്നത് ഇതുകൊണ്ടാണ്.

ആധുനികോത്തരതയും സാഹിത്യവും എന്ന രണ്ടാം അദ്ധ്യായത്തിൽ ആധുനികതാവാദം, ആധുനികോത്തരതാവാദം എന്നിവ രൂപപ്പെടാനുണ്ടായ സാമൂഹ്യ ചരിത്രസന്ദർഭങ്ങളെ ഫ്രെഡറിക് ജെയിംസൺ, ലോത്യാർ, ബോദ്രിയാർ എന്നിവരുടെ സിദ്ധാന്തങ്ങൾകൊണ്ട് വിശദീകരിച്ചു. കമ്പോളസംസ്കാരം, ബൃഹദാഖ്യാനങ്ങൾക്കു പകരം ലഘു ആഖ്യാനങ്ങളുടെ കടന്നുവരവ്, മാധ്യമസംസ്കാരം എന്നിവയൊക്കെ ഇത്തരം സിദ്ധാന്തങ്ങളുടെ അടിസ്ഥാനമായി കണ്ടെത്താം. ആധുനികോത്തര മലയാളചെറുകഥയുടെ സവിശേഷതകളായ ജനപ്രിയസംസ്കാരം, പാരഡി, അതികഥ, പാഠാന്തരത എന്നിവ മലയാളചെറുകഥയുടെ വൈവിധ്യപൂർണമായആഖ്യാനങ്ങൾക്ക് സഹായകമായിട്ടുണ്ടെന്ന് തിരിച്ചറിയാം. ആധുനികാനന്തര മലയാളചെറുകഥ ഉണ്ടായതിന്റെ സാമൂഹ്യസാഹചര്യങ്ങളും, ആധുനികോത്തര കഥാകൃത്തുകളുടെ രചനാരീതികളും സാമാന്യമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. മൂന്നും നാലും അദ്ധ്യായങ്ങൾക്കുള്ള പശ്ചാത്തലമൊരുക്കുകയാണ് ആദ്യ രണ്ടു അദ്ധ്യായങ്ങളിൽ ചെയ്തിട്ടുള്ളത്.

മൂന്നാം അദ്ധ്യായമായ എൻ. എസ്. മാധവന്റെ കഥകളുടെ ആഖ്യാന തന്ത്രങ്ങളിൽ മാധവന്റെ തെരഞ്ഞെടുത്ത പതിനേഴ് ചെറുകഥകളുടെ ആഖ്യാന വിശകലനം ചെയ്തപ്പോൾ വൈവിധ്യമുള്ള ആഖ്യാനതന്ത്രങ്ങളും, പ്രമേയങ്ങളുമാണ് കണ്ടെത്തിയത്. വ്യത്യസ്തസ്ഥല - കാലങ്ങളും വ്യത്യസ്തവീക്ഷണകോണുകളും ഉള്ള ഈ കഥകളിൽ ശിൽപപരമായ ദാർഢ്യം കാണാൻ സാധിക്കും. അയഞ്ഞ ഘടനയുള്ള ആധുനികാനന്തരമലയാളചെറുകഥയിൽ നിന്ന് മാധവന്റെ കഥകളെ വ്യത്യസ്തമാക്കുന്ന ഒരു പ്രധാന ഘടകമാണിത്. മുയൽവേട്ട, അമ്മ, നാലാംലോകം എന്നീ രാഷ്ട്രീയകഥകളിൽ യഥാതഥരീതി ഉപയോഗിക്കാതെ ദൃശ്യമാധ്യമങ്ങളുടെ എഡിറ്റിംഗ് സങ്കേതങ്ങൾ ഉപയോഗിച്ചത് ആഖ്യാനത്തിന് വൈവിധ്യം നൽകി. മാധ്യമങ്ങളാണ് ഇന്ന് യാഥാർത്ഥ്യത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം മാധ്യമവത്കൃതമായ സംസ്കാരത്തെ പ്രതിനിധീകരിക്കാൻ ഈ നവീന ആഖ്യാനതന്ത്രത്തിന് കഴിയുന്നതായി തിരിച്ചറിയാം. തിരുത്ത്,

മുബൈയ്, നിലവിളി, വൻമരങ്ങൾ വീഴുമ്പോൾ എന്നീ രാഷ്ട്രീയകഥകളിൽ ആഖ്യാനതന്ത്രങ്ങളിലെ പരീക്ഷണാത്മകത പ്രത്യക്ഷത്തിൽ കാണുന്നില്ലെങ്കിലും ചരിത്രം ഓർമ്മകളായി വരികയും, സമകാലീനജീവിതവുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്ന ആഖ്യാനതന്ത്രമാണ് കാണുന്നത്. മാധ്യമ സംസ്കാരങ്ങളിൽ കൂടുതലായി കാണപ്പെടുന്ന റിയലിസ്റ്റിക് റിപ്പോർട്ടിങ്ങിന്റെ ശൈലിയാണ് ഈ കഥകൾ പിന്തുടരുന്നത്.

മുയൽവേട്ട എന്ന കഥയിൽ ജെറാൾഡ് ജെനറ്റിന്റെ സമ്മിശ്ര ഭൂതകാലാഖ്യാന ത്തിലൂടെ വളരെ ലളിതമെന്നു തോന്നുന്ന മുയൽ വേട്ടയെ ചരിത്രത്തിലെ നക്സൽ വേട്ടയുമായി ബന്ധപ്പെടുത്തി ആഖ്യാനത്തെ ശക്തമാക്കുന്നതായി കാണാം. വർത്തമാനകാലത്തിന്റെ പ്രക്ഷുബ്ധതകളെ തീക്ഷ്ണമായി മനസ്സിലാക്കാൻ ചരിത്രം സഹയകമാണെന്ന ആശയമാണ് മാധവൻ ഈ കഥയിൽ പ്രയോഗിച്ചിരിക്കുന്നത്. ചലച്ചിത്രത്തിന്റെ ആഖ്യാനസങ്കേതങ്ങൾ ഉപയോഗിച്ച് രൂപപ്പെടുത്തിയ അമ്മ എന്ന കഥയിൽ ദൃശ്യമാധ്യമങ്ങളുടെ മധ്യവർഗതാൽപര്യമാണ് സംരക്ഷിക്ക പ്പെടുന്നത്. ദൃശ്യശ്രാവ്യബിംബങ്ങളുടെ സങ്കലനമായ സിനിമയുടെ ആഖ്യാനതന്ത്രം ഉപയോഗിച്ച് ചരിത്രത്തിൽ പീഡിതരായ നിരവധി മനുഷ്യരിലേക്കുള്ള യാത്രയായിട്ടാണ് ഈ കഥയുടെ പാഠം വിശകലനം ചെയ്തത്. ഇന്നും തുടരുന്ന ഇത്തരം യാതനകളെ ദൃശ്യമാധ്യമങ്ങൾ വെറും ഗൃഹാതുരത്വമായി അവതരിപ്പിക്കുന്നു എന്ന ആശയമാണ് ഈ കഥ മുന്നോട്ടുവെയ്ക്കുന്നത്. സമൂഹത്തിലെ പ്രശ്നങ്ങളിൽ നിന്നും സ്ത്രീയെ അകറ്റി വീടിനുള്ളിൽ തളച്ചിടുന്ന മധ്യവർഗതാൽപര്യത്തെയാണ് ഈ കഥയിൽ വിമർശിക്കുന്നത്.

മാധവന്റെ വൻമരങ്ങൾ വീഴുമ്പോൾ എന്ന കഥയെ ക്രിസ്ത്യൻ മെറ്റ്സിന്റെ ചിഹ്നശാസ്ത്രത്തിലെ ബിംബകോഡുകൾ ഉപയോഗിച്ച് വിശകലനം ചെയ്തപ്പോൾ അധികാരവർഗ്ഗം ന്യൂനപക്ഷത്തെ (സിഖുകാരെ) അപരരായും, വിധേയരായും കാണുന്ന മനോഭാവമാണ് തെളിഞ്ഞുകാണുന്നത്. സൂമിങ്ങ് എന്ന ക്യാമറ ടെക്നിക് ശക്തമായ ബിംബകോഡാണ്. ആഖ്യാനത്തിലെ പ്രത്യേക ഭാഗങ്ങളെ കേന്ദ്രീകരിക്കാൻ ഈ ആഖ്യാനതന്ത്രത്തിലൂടെ സാധിച്ചതായി തിരിച്ചറിയാം. വ്യത്യസ്തസ്ഥലകാലങ്ങളും വീക്ഷണകോണുകളും ചരിത്രത്തെ ഓർമ്മകളിലൂടെ ആവിഷ്കരിക്കുന്ന ആഖ്യാനതന്ത്രങ്ങളും നാലാം ലോകത്തെ മലയാളത്തിലെ മികച്ച ഒരു രാഷ്ട്രീയ കഥയാക്കുന്നു. 'ആനാൽ തൊഴിലാളിവർഗ്ഗം അഴിക്കപ്പെടവില്ലെ' എന്ന വാക്യത്തിന്റെ രണ്ടുപ്രാവശ്യമുള്ള ആവർത്തനം ഈ കഥയിലെ രാഷ്ട്രീയമാനത്തെ ഉയർത്തുന്നു. ജെറാൾഡ് ജെനറ്റിന്റെ ആവൃത്തി (Frequency) എന്ന സങ്കൽപനം ഉപയോഗിച്ച് വിശകലനം ചെയ്താൽ പണ്ട് സഖാക്കൾ പറഞ്ഞിരുന്ന വാക്കുകൾ ബഹിരാകാശത്ത് ആന്തരികസംഘർഷം അനുഭവിക്കുന്ന ഗോവിന്ദൻകുട്ടി ആവർത്തിക്കുമ്പോൾ അയാളുടെ മനസ്സിലെ അമർഷത്തെ പ്രതിരൂപാത്മകമായി ആവിഷ്കരിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്.

ബാബ്റി മസ്ജിദ് തകർക്കപ്പെട്ട സംഭവം 'തിരുത്തി'ലൂടെ ആവിഷ്കരിക്കപ്പെട്ടപ്പോൾ

സമകാലിക രാഷ്ട്രീയസാമൂഹ്യസാഹചര്യങ്ങളിൽ മതം ചെലുത്തികൊണ്ടിരിക്കുന്ന ആപത്കരമായ സ്ഥാനമാണ് മനസ്സിലാക്കുന്നത്. പാഠത്തിന്റെ ചരിത്രപരതയും ചരിത്രത്തിന്റെ പാഠപരതയും ഈ കഥയിൽ സമർത്ഥമായി ഉപയോഗിച്ചിട്ടുണ്ട്. തിരുത്തിലെന്ന പോലെ മുസ്ലിം അപരത്വത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന കഥകളാണ് നിലവിളിയും മുംബൈയും. ചരിത്രസംഭവങ്ങളെയും അതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങളെയും കഥാപാത്രത്തിന്റെ അനുഭവം എന്ന നിലയിൽ അവതരിപ്പിക്കുന്ന കഥകളിലാണ് ചരിത്രത്തിന്റെ അനുഭവവത്കരണം നടക്കുന്നത്. ചരിത്രത്തിന്റെ അനുഭവവത്കരണം എന്ന ആഖ്യാനരീതിയിലൂടെ സമകാലികരാഷ്ട്രീയത്തിലെ വർഗ്ഗീയതയ്ക്കു നേരെയുള്ള വിമർശനമായി ഈ കഥ മാറുന്നു. ഇരയുടെ വീക്ഷണകോണിലൂടെ ഉള്ള ആഖ്യാനം ദുരന്തത്തെ തീവ്രമായി അവതരിപ്പിക്കുന്ന ആഖ്യാനതന്ത്രങ്ങളിലൊന്നാണ്.

കുടുംബം/വിവാഹേതരബന്ധം/ലൈംഗികത എന്ന ഉപശീർഷകത്തിൽ എന്റെ മകൾ ഒരു സ്ത്രീ, പുലപ്പേടി, ശർമ്മിഷ്ഠ , കാണി, കപ്പിത്താന്റെ മകൾ, അനുഷ്ഠാന ഹത്യ, ഒരു കത്തിയേറുകാരന്റെ കഥ എന്നീകഥകളാണ് വിശകലനംചെയ്തത്.. പുരുഷൻ/ സ്ത്രീ എന്ന ദ്വന്ദ്വം ആഖ്യാനത്തിൽ വളരെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നു എന്നതാണ് എന്റെ മകൾ ഒരു സ്ത്രീ എന്ന കഥയുടെ ആഖ്യാനസവിശേഷത. എന്നാൽ കഥയുടെ കേന്ദ്രീകരണകൃത്തായി പുരുഷൻ പ്രവർത്തിക്കുന്നുണ്ടെന്നും മനസ്സിലാക്കാം. മൂന്നുപേരുടെ വീക്ഷണകോണിലൂടെ കഥപറയുന്ന കാണി ആഖ്യാനശാസ്ത്രത്തിലെ മാധ്യമത എന്ന സങ്കൽപനം ഉപയോഗിച്ചാണ് വിശകലനം ചെയ്തിട്ടുള്ളത്. ഒന്നിലേറെ കഥാപാത്രങ്ങളിലൂടെ ഉള്ള കേന്ദ്രീകണത്തിന് - ചരകേന്ദ്രീകരണത്തിന് - മികച്ച മാതൃകയായി ഈ കഥയെ തിരിച്ചറിയാം. മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിയുടെ 'വിധവയുടെ വിധി'യുമായി പാഠാന്തരബന്ധമുള്ള പുലപ്പേടി എന്ന കഥയിൽ ശരീരം ഒരു കേന്ദ്രരൂപകമായി പ്രവർത്തിക്കുന്നുണ്ട്. രതിബിംബങ്ങൾ ഈ കഥയുടെ ആഖ്യാനവിശകലനത്തിൽ പ്രത്യക്ഷപ്പെട്ടതിൽ നിന്നും പാരതന്ത്ര്യത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള സ്ത്രീയുടെ പരിണാമമായി ഈ കഥയെ വ്യാഖ്യാനിക്കാം. ജാതിയുടെ അതിർ വരമ്പുകൾ ലംഘിച്ചുകൊണ്ട് സ്ത്രീയുടെ നിലനിൽപിനായുള്ള സഹനസമര ത്തെയാണ് പുലപ്പേടി ആവിഷ്കരിക്കുന്നതെന്ന് തിരിച്ചറിയേണ്ടതാണ്. ശരീരം ഒരു രൂപകമായി പ്രത്യക്ഷപ്പെടുന്ന ശർമ്മിഷ്ഠ എന്നകഥ പുരാണത്തിൽ നീച കഥാപാത്രമായി ചിത്രീകരിക്കപ്പെട്ട ശർമ്മിഷ്ഠയുടെ പുനർവ്യാഖ്യാനമാണ്. അധഃകൃത ജാതിയിൽ പെട്ടവർക്ക് ഉന്നതകുലജാതരിൽ നിന്നും നേരിടേണ്ടി വരുന്ന യാതനകളുടെ പാഠമാണ് ഈ കഥയുടെ പുനർവ്യാഖ്യാനത്തിലൂടെ നിർമ്മിക്കപ്പെടുന്നത്. പ്രമേയത്തിന്റെ പുതുമകൊണ്ടല്ലാതെ, ആവിഷ്കരണരീതി കൊണ്ടു ശ്രദ്ധിക്കപ്പെട്ട ആയിരത്തി രണ്ടാമത്തെ രാവിൽ പുതിയ കാലത്തെ സ്ത്രീ - പുരുഷബന്ധത്തെ ചിത്രീകരിക്കുന്നു. ആഖ്യാനത്തിന്റെ ഏകശിലാത്മകതയെ പ്രതിരോധിക്കുന്ന ഈ കഥയിൽ, ക്യാമറയുടെ ദൃശ്യകോണുകൾ, വാർത്താവതരണത്തിന്റെ വിവരണസ്വഭാവം, പത്രഭാഷയുടെ സ്വാധീനത എന്നിവയും കാണാം. ശേഷം എന്ന കഥ ഒരാളുടെ മരണശേഷം അയാളുടെ

ഭാര്യയുടേയും കാമുകിയുടേയും ഓർമ്മകളിലൂടെയുള്ള ആഖ്യാനമാണ്. ദീർഘകാലത്തെ സംഭവങ്ങളെ ഒരു കഥയ്ക്ക് ഇണങ്ങും വിധം സംഗ്രഹിച്ച് അവതരിപ്പിച്ചിരിക്കുന്ന ആഖ്യാനതന്ത്രം ഈകഥയുടെ സവിശേഷതയായി കാണാം. യാഥാർഥ്യത്തിന്റെ പല മുഖങ്ങളാണ് ഇത്തരം ആഖ്യാനത്തിലൂടെ വെളിവാകുന്നത് എന്ന് കണ്ടെത്തുന്നു.

വർത്തമാനകാലവും ഭൂതകാലവും മാറി മാറി വരുന്ന സമ്മിശ്രഭൂതകാലമാണ് കപ്പിത്താന്റെ മകളിൽ സ്വീകരിച്ചിരിക്കുന്നത്. ഉന്മാദബാധിതമായ മനസ്സിനെ ചിത്രീകരിക്കാനാണ് ഈ ആഖ്യാനരീതി ഉപയോഗിച്ചിരിക്കുന്നത്. ഇത്തരമൊരു ആഖ്യാനരീതിയിലൂടെ പിതൃ - പുത്രീബന്ധത്തെ കുറിച്ചു മാത്രമല്ല സ്വവർഗ രതി , സ്ത്രീ- പുരുഷ ലൈംഗികത എന്നിവയെ കുറിച്ചുമുള്ള വിഷയങ്ങളിലേക്കും ഈ കഥയുടെ പാഠം വികസിക്കുന്നു. ദ റൈറ്റേഴ്സ് മാന്വലിൽ പറയുന്ന ആഖ്യാനത്തിൽ ആറ് അവസ്ഥകൾ - പൂർവസ്ഥിതി, സംഘട്ടനം, ക്രിയയുടെ കുതിച്ചുയരൽ, മൂർധന്യം, ക്രിയയുടെ അവരോഹണം, കഥാനിർവഹണം എന്നിവ ഉപയോഗിച്ചാണ് ഉന്മാദം പ്രമേയമായ അനുഷ്ഠാനഹത്യകൾ വിശകലനം ചെയ്തത്. മാധവന്റെ മറ്റ് കഥകളിൽ നിന്ന് വ്യത്യസ്തമായി സംഭവങ്ങളുടെ രേഖീയമായ ആഖ്യാനമാണ് ഈ കഥയിൽ സ്വീകരിച്ചിരിക്കുന്നത്. ക്രിയാംശം ഏറി നിന്നിട്ടും കഥയിലെ ഭാവതലത്തിന് പ്രാധാന്യം കുറയുന്നില്ല എന്നതാണ് ഈ കഥയുടെ മേൻമ. ദൃശ്യബിംബങ്ങൾ കൂടുതലുള്ള ഈ കഥയിൽ സമൂഹത്തിലെ നിയമങ്ങൾ ലംഘിച്ച് സ്വന്തം ഇച്ഛകൾക്കൊത്ത് ജീവിക്കുന്ന ഒരു സ്ത്രീകഥാപാത്രത്തെയാണ് കാണാനാവുന്നത്. ഈ കഥയുടെ ആഖ്യാനത്തിലൂടെ ഉന്മാദം സമൂഹത്തിലെ നിയമങ്ങളെ ലംഘിക്കുന്നതിന്റെ ഒരു രൂപകമായി പ്രവർത്തിക്കുന്നു എന്ന് കണ്ടെത്താം.

കളി ആഖ്യാനതന്ത്രമായി കടന്നു വരുന്ന കത്തിയേറുകാരന്റെ കഥ, ഹിഗ്വിറ്റ എന്നീ കഥകളിൽ യഥാക്രമം ലൈംഗികത, അപരത്വം എന്നീ പ്രമേയങ്ങൾ കടന്നു വരുന്നു. ഇതിലെ കത്തിയേറിനെ കത്തിയേറുകാരന്റെ അടക്കിവെച്ച ലൈംഗികകാമനകളുടെ സൂചനയായി വായിച്ചെടുക്കാവുന്നതാണ്. ഗീവർഗീസച്ചൻ എന്ന പുരോഹിതന്റെ ഭൂതകാലവും - വർത്തമാനകാലവും മാറി മാറി വന്ന് വ്യത്യസ്തമായ സ്ഥല- കാല മിശ്രണത്തിലൂടെ ഹിഗ്വിറ്റ ശ്രദ്ധേയമാകുന്നു. ബൈബിളിൽനിന്നുള്ള സൂചനകൾ, കൊളംബിയൻ ഗോളിയായിരുന്ന ഹിഗ്വിറ്റയുമായി ഗീവർഗീസച്ചനെ ബന്ധിപ്പിച്ചതും ഫുട്ബോൾ പശ്ചാത്തലം നൽകിയതുമെല്ലാം കഥയെ വ്യത്യസ്തമാക്കുന്നതായി ആഖ്യാനവിശകലനത്തിൽ കണ്ടു. മുസ്ലിം അപരത്വത്തിന്റെ പ്രശ്നങ്ങളും കഥ ഉന്നയിക്കുന്നുണ്ട്.

ആധുനികാനന്തര മലയാളചെറുകഥയിലെ ആഖ്യാനതന്ത്രങ്ങൾ എന്ന അദ്ധ്യായത്തിൽ ആധുനികാനന്തര ആഖ്യാനതന്ത്രങ്ങളായ പാരഡി, അതികഥ, പുരാവൃത്തം - ഐതിഹ്യ - ചരിത്രകഥനരീതികൾ, പരസ്യഭാഷ, മാധ്യമഭാഷ, സൈബർഭാഷ എന്നിവയെല്ലാം കടന്നുവരുന്നുണ്ട്. ഈ ആഖ്യാനരീതിയിൽ പ്രമേയവും, രാഷ്ട്രീയവും കൂടിക്കലർന്നാണ് കിടക്കുന്നത്. അംബികാസുതൻ മാങ്ങാടിന്റെ കൊമേർഷ്യൽ ബ്രേക്ക് ചാനൽ അഭിമുഖത്തിന്റെ

ഭാഷ ഉപയോഗിച്ച് ആഖ്യാനം നടത്തുമ്പോൾ രൂപപ്പെടുത്തുന്ന രാഷ്ട്രീയം മാധ്യമങ്ങൾ സ്ത്രീ പീഡനങ്ങളെ കമ്പോളവത്കരിക്കുന്നുവെന്നതാണ്. എന്നാൽ മാധ്യമങ്ങൾക്കകത്തു പ്രവർത്തിക്കുന്ന ചിലരെങ്കിലും ഇത്തരം കമ്പോളവത്കരണത്തെ ചെറുത്തു നിൽക്കാൻ ശ്രമിക്കുന്നുവെന്നതാണ് ഈ കഥയുടെ പാഠം. ചാനൽ അഭിമുഖ ഭാഷയുടെ ആഖ്യാനരീതി തന്നെ ഉപയോഗിച്ച് എഴുതപ്പെട്ട സിതാരയുടെ ഉത്താരാർത്ഥം എന്ന ചെറുകഥയിൽ വ്യത്യസ്തസ്ഥലകാലങ്ങളിലൂള്ള വ്യത്യസ്ത സ്ത്രീകഥാപാത്രങ്ങളുടെ സ്വത്വത്തെ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നു. സമൂഹത്തിന്റെ കപട സദാചാര സങ്കൽപം, മാധ്യമങ്ങൾ പ്രശസ്തരുടെ ജീവിതത്തിലേക്ക് നടത്തുന്ന ഒളിഞ്ഞുനോട്ടം എന്നിവ ചിത്രീകരിക്കാൻ അഭിമുഖത്തിന്റെ ഘടനയിലുള്ള ആഖ്യാനരീതിക്ക് സാധിച്ചുവെന്ന് ഇവിടെ കണ്ടെത്തുന്നു. സന്തോഷ് ഏച്ചിക്കാനത്തിന്റെ കൊമാല എന്ന കഥ ദൃശ്യമാധ്യമരംഗത്തെ തത്സമയചർച്ചകൾ , ടെലഫോൺ സംഭാഷണങ്ങൾ, എസ്.എം.എസ് അയക്കൽ തുടങ്ങിയവയിലൂടെ മലയാളചെറുകഥാരംഗത്ത് പുതിയ ആഖ്യാനരീതി പരിചയപ്പെടുത്തി. ഹുവാൻ റൂൾഫിന്റെ പെഡ്രോപരാമ എന്ന കൃതിയുമായുള്ള പാഠാന്തരബന്ധം ഈ കഥയുടെ ആഖ്യാനത്തെ വികസിപ്പിക്കുന്നതായി മനസ്സിലാക്കാം. സർവജ്ഞനായ ആഖ്യാതാവിൽ നിന്ന് വിശ്വന്റെ പരിപ്രേക്ഷ്യത്തിലേക്കുള്ള ആഖ്യാനത്തിന്റെ മാറ്റം പ്രമേയത്തിന്റെ ഭാവതീവ്രതയെ ശക്തിപ്പെടുത്തുന്നതായി മനസ്സിലാക്കാം. ദൃശ്യമാധ്യമഭാഷയുപയോഗിച്ച് നിർമ്മിക്കപ്പെട്ട ഈ കഥ കേരളീയസമൂഹത്തിന്റെ അപമാനവീകരണത്തിന്റെയും കമ്പോളവത്കൃതമാധ്യമാധികാരത്തിന്റെയും സൂചകമായി തിരിച്ചറിയാം.

സൈബർഭാഷ, ആഖ്യാനരീതിയായി ഉപയോഗിക്കുന്ന കഥകൾ കേരളീയ സമൂഹത്തിന്റെ മാറുന്ന കാലത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇന്റർനെറ്റിലൂടെയുള്ള ചാറ്റിംഗിന്റെ രൂപത്തിൽ എഴുതപ്പെട്ട ബി. മുരളിയുടെ ചാറ്റൽ മഴയുടെ ഏകാകി യാഥാർത്ഥ്യത്തെ കുറിച്ചുള്ള സങ്കൽപങ്ങളെ തന്നെ ചോദ്യം ചെയ്യുന്നു. വിവരസാങ്കേതികവിദ്യ ബന്ധങ്ങളിലുണ്ടാക്കുന്ന ശൈഥില്യവും യാഥാർത്ഥ്യത്തെ ചോദ്യം ചെയ്യുന്ന പ്രതീതിയാഥാർത്ഥ്യവും കേരളീയസമൂഹത്തെ എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് ഈ കഥയിലൂടെ തിരിച്ചറിയാം. ഇ. പി. ശ്രീകുമാറിന്റെ ഡെഡ്ലൈൻ എന്ന കഥയിൽ പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ്ഡാർവിന്റെ വാക്യങ്ങളും നവമാധ്യമങ്ങളുടെ സ്വാധീനവും ആഖ്യാനതന്ത്രങ്ങളായി കടന്നു വരുന്നു. ജീവിവർഗ്ഗങ്ങളിൽ അതിജീവിക്കുന്നത് ഏറ്റവും ശക്തമായതോ, ഏറ്റവും ബുദ്ധിയുള്ളതോ അല്ല , പരിണാമങ്ങളോട് ഏറ്റവും കൂടുതൽ പ്രതികരിക്കുന്നവയാണ് എന്ന ഡാർവിന്റെ വാക്യത്തിന് കഥയുടെ പ്രമേയപരമായ സൂചന നൽകാനാവുന്നുണ്ടെന്ന് തിരിച്ചറിയാം. ഐടി. കമ്പനിയിൽ ജോലിചെയ്യുന്നവരുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് അവരുടെ കമ്പനികളാണ്. വ്യക്തികളുടെ സ്വകാര്യജീവിതത്തെപോലും നിയന്ത്രിക്കുന്ന ഐ. ടി. കമ്പനികളുടെ അധികാരത്തെ ചൂണ്ടികാണിക്കുന്ന ഈ കഥയുടെ ആഖ്യാന ഘടനയെ സ്വാധീനിച്ചത് നവമാധ്യമങ്ങളാണെന്ന് വിശകലനം ചെയ്യാം. എം. രാജീവ്കുമാറിന്റെ സൈബ്രോഗിൽ പരമ്പരാഗതസ്ഥലസങ്കല്പങ്ങളെ പൊളിച്ചെഴുതുന്ന ആഖ്യാനരീതി കാണാം. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കണ്ടുപിടിത്തം

ആധുനികതയുടെ സ്ഥല സങ്കൽപങ്ങളെ പൊളിച്ചെഴുതുന്നതാണ്  സൈബ്രോഗ് എന്ന കഥയിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. രാഷ്ട്രത്തിന്റെ അതിർത്തികൾ  മായ്ച്ചു കൊണ്ടുള്ള വ്യക്തികളുടെ വിവിധ സ്ഥലങ്ങളിലേക്കുള്ള പ്രവേശനത്തിന്റെ സൂചന കൂടിയാണ് സൈബ്രോഗ് എന്ന കഥ.

അംബികാസുതൻ മാങ്ങാടിന്റെ അനുഭൂതികൾക്ക് നിറം, ഇ. പി. ശ്രീകുമാറിന്റെ പരസ്യ ശരീരം, പ്രിയ എ. എസിന്റെ താമരക്കനി എന്നീ കഥകൾ പരസ്യഭാഷയുടെ സവിശേഷമായ പ്രയോഗം വഴി കമ്പോളസംസ്കാരം വ്യക്തികളെയും സമൂഹത്തെയും എപ്രകാരമാണ് ബാധിക്കുന്നതെന്ന് വിശകലനം ചെയ്യുന്നുണ്ട്. ശരീരവും, പരസ്യസംസ്കാരവും അനുഭൂതികൾക്ക് നിറം എന്ന കഥയുടെ  ആഖ്യാനത്തെ നിർണയിക്കുന്ന രണ്ട് ഘടകങ്ങളാണ്. പ്രമേയത്തെ മാത്രമല്ല ആഖ്യാനസങ്കേതത്തെയും സ്വാധീനിക്കാൻ പരസ്യങ്ങൾക്ക് കഴിയുമെന്ന് അനുഭൂതികളുടെ നിറം എന്ന കഥയുടെ വിശകലനത്തോടെ മനസ്സിലാക്കാം. പരസ്യങ്ങളുടെ അതിഭാവുകത്വവും, ഭ്രമാത്മകതയും കലർന്ന ആഖ്യാനതന്ത്രത്തിലൂടെ ശരീരം കമ്പോളവത്കൃതമാകുന്നതിന്റെ ആഗോളീകരണ വാണിജ്യ സംസ്കാരമാണ് തെളിഞ്ഞു കാണുന്നത്. ഇ.പി. ശ്രീകുമാറിന്റെ പരസ്യശരീരം എന്നകഥയിലും ശരീരവും പരസ്യവും കേന്ദ്രപ്രമേയങ്ങളായി കടന്നുവരുന്നുണ്ട്. കമ്പോളവത്കരിക്കപ്പെട്ട ശരീരം ഈ കഥയിലെ ഒരു രൂപകമാണ്. വ്യക്തിയുടെ സ്വത്വത്തിന് പ്രാധാന്യമില്ലാതാകുകയും കമ്പോളാധിഷ്ഠിതമൂല്യങ്ങൾ അവന്റെ ജീവിതത്തിനു മേൽ ആധിപത്യം നേടുന്ന ആപത്കരമായ സൂചനയാണ് ഈ കഥകൾ അടയാളപ്പെടുത്തുന്നത്. പ്രിയ എ. എസിന്റെ താമരകനി എന്ന കഥയിലെ പരസ്യഭാഷയുടെ വിശകലനത്തിലൂടെ വ്യക്തിബന്ധങ്ങളിൽ പോലും വിപണി സ്വാധീനം ചെലുത്തുന്നതായി തിരിച്ചറിയാം. ആഗോളമുതലാളിത്തം മലയാളിയുടെ കുടുംബഘടനയെ പോലും സ്വാധീനിക്കുന്നു വെന്നാണ് ഈ  കഥയിലെ ആഖ്യാനവിശകലനത്തിൽ തെളിഞ്ഞു കാണാൻ സാധിച്ചത്.

പാഠാന്തരത എന്ന ആഖ്യാനസങ്കേതത്തിൽ സന്തോഷ് ഏച്ചിക്കാനത്തിന്റെ ഡേവിഡ്ജി കോഡ് എന്ന കഥ അനുഭവപരതയിൽ ഊന്നിയുള്ള ആഖ്യാനത്തിന് മുൻതൂക്കം കൊടുത്താണ് രചിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. ഡേവിഡ് എന്ന വ്യക്തി കേരളത്തിലെ ഭൂമാഫിയയുടെ ഇരകളായി തീരുന്നവരുടെ ചിഹ്നമായി തീരുന്നതെങ്ങനെയെന്ന് ചിഹ്നശാസ്ത്രത്തിന്റെ സഹായത്തിൽ വിശകലനം ചെയ്തിരിക്കുന്നു.

സത്യജിത്റായുടെ ചാരുലത എന്ന സിനിമയുമായി പാഠാന്തര ബന്ധം ഉള്ള പ്രിയ എ. എസിന്റെ ചാരുലതയുടെ ബാക്കി എന്ന കഥയിൽ തിരക്കഥയിലെ രംഗത്തെ പോലെയുള്ള ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നു. പാഠാന്തരബന്ധം എന്ന സങ്കൽപനത്തിലൂടെ സ്ത്രീമനസ്സിന്റെ വിഹ്വലതകളെയും സ്വാതന്ത്ര്യദാഹത്തെയും ആവിഷ്ക്കരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്താം. രവീന്ദ്രനാഥ ടാഗോറിന്റെ  ചാരുലത എന്ന ചെറുകഥയുടെ അനുകൽപനമായ  ചാരുലതയോട് പാഠാന്തര ബന്ധമുള്ള ഈ ചെറുകഥ സിനിമ എന്ന ജനപ്രിയകലയുടെ സ്വാധീനത്താൽ നിർമ്മിക്കപ്പെട്ടതാണ്. ഒരു കൃതിയുടെ പാഠവും രാഷ്ട്രീയവും സ്ഥിരമായി നിൽക്കാതെ , മറ്റൊരു

കൃതിയുടെ നിർമ്മിതിയ്ക്ക് കാരണമാകുന്നു വെന്നും അത് വൈവിധ്യമുള്ള നിരവധി പാഠങ്ങൾക്ക് സാധ്യത ഉണ്ടാക്കുന്നു എന്നും ഇതിൽ നിന്ന് തിരിച്ചറിയാം.

ചങ്ങമ്പുഴയുടെ പ്രശസ്തമായ രമണൻ എന്ന കാവ്യവുമായി പാഠാന്തര ബന്ധമുള്ള വി.എച്ച്.നിഷാദിന്റെ രമണനും മദനനും എന്ന ചെറുകഥയിൽ കാൽപനികതയെ വിമർശിക്കാൻ മലയാളത്തിലെ ഏറ്റവും പ്രധാനകാൽപനിക കഥാപാത്രങ്ങളിലൊന്നായ രമണന്റെ പേരുള്ള ഒരു പുതിയ കഥാപാത്രത്തെ , പ്രണയത്തെ എതിർക്കുന്ന കഥാപാത്രമായി അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് ഈ കഥയിലെ ആഖ്യാനപരമായ പുതുമ. തങ്ങളുടെ ആശയങ്ങളോട് വിയോജിക്കുന്നവരെ അടിച്ചമർത്താൻ ഭരണകൂടം ഏത് മാർഗ്ഗവും സ്വീകരിക്കും എന്ന സൂചനയാണ് ഈ കഥ നൽകുന്നത്. മുട്ടത്തുവർക്കിയുടെ ലോറാ നീ എവിടെ എന്ന നോവലിന്റെ പാരഡിയായി എഴുതപ്പെട്ട ബി. മുരളിയുടെ ലോറാ നീ എവിടെ പൈങ്കിളിസാഹിത്യം എന്നറിയപ്പെടുന്ന ജനപ്രിയസംസ്കാരത്തിന്റെ ആഖ്യാനശൈലിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. കാൽപനികമായ പ്രണയസങ്കൽപങ്ങളെ ആക്ഷേപഹാസ്യത്തോടെ നേരിടാനാണ് ഒരു പൈങ്കിളിക്കഥയുടെ പശ്ചാത്തലം കഥാകൃത്ത് സ്വീകരിച്ചത്. കഥയിലെ രണ്ട് ആഖ്യാനസ്വരങ്ങളിൽ ഒന്ന് കാൽപനികവും മറ്റൊന്ന് അകാൽപനികവുമാണ്. കാൽപനികം - നായകൻ, അകാൽപനികം - വില്ലൻ എന്നിങ്ങനെ ഉള്ള സമവാക്യത്തിലൂടെ ആഖ്യാനത്തിൽ നിഗൂഢമായിരിക്കുന്ന ആക്ഷേപഹാസ്യത്തിന്റെ  തലങ്ങളും അതികഥാസ്വഭാവവുമാണ് കണ്ടെത്താവുന്നത്.

ലൂയിസ് കരോളിന്റെ ആലീസ് ഇൻ വണ്ടർലാന്റ് എന്ന കൃതിയുടെ ശീർഷകവുമായി പാഠാന്തരബന്ധമുള്ള ബി. മുരളിയുടെ കഥ അത്ഭുതലോകത്ത് ചെന്ന ആലീസ് എന്ന പെൺകുട്ടിക്കുണ്ടായ അനുഭവങ്ങളെ ആവിഷ്കരിച്ചിരിക്കുന്നതിന്റെ അർത്ഥതലങ്ങളാണ് വിശകലനം ചെയ്തത്. പ്രണയത്തിന്റെ കാൽപനികവലയത്തിലേക്ക് പെൺകുട്ടികളെ കൊണ്ടുവന്ന് അവരെ ചൂഷണത്തിനും പീഢനത്തിനും ഇരയാക്കുന്നതിന്റെ സൂചനകളാണ് ഈ കഥ നൽകുന്നത്. നോവൽ ആലീസ് എന്ന പെൺകുട്ടിയുടെ ഭാവനയുടെ ലോകമായിരുന്നെങ്കിൽ കഥയിൽ അത് പ്രലോഭനത്തിന്റെയും പ്രണയത്തിലെ ചതിക്കുഴികളുടെയും ലോകമായി പാരഡി ചെയ്യപ്പെടുന്നതായി തിരിച്ചറിയാം.

അതികഥാസ്വഭാവമുള്ള ചന്ദ്രമതിയുടെ ഉത്തരാധുനിക കഥാപ്രതിസന്ധി എന്ന കഥയിൽ കഥയെഴുത്ത് തന്നെ പ്രമേയമായി വരുന്നു. കഥാഖ്യാനത്തിൽ മതം, സ്ത്രീ തുടങ്ങിയ പൊള്ളുന്ന വിഷയങ്ങൾ കൈകാര്യം ചെയ്താൽ എഴുത്തുകാർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ കുറിച്ചാണ് ഈ കഥ ഓർമ്മപ്പെടുത്തുന്നത്. ഈ കഥയുടെ രാഷ്ട്രീയമെന്നത് സർഗാത്മകതയുടെ ലോകത്ത് എഴുത്തുകാർ നേരിടേണ്ട വെല്ലുവിളികളാണെന്ന് കണ്ടെത്താം. എൻ. പ്രഭാകരന്റെ രാത്രിമൊഴിയിൽ ആഖ്യാതാവായ കഥാകൃത്തും സുഹൃത്തും തമ്മിൽ നടത്തുന്ന സംഭാഷണത്തിലൂടെ മുന്നോട്ടു നീങ്ങുന്ന ആഖ്യാനത്തിൽ ആധുനികതാവാദത്തിന്റെ പല സങ്കൽപനങ്ങളും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. വരമൊഴിയുടെ കൃത്രിമത്വത്തെകുറിച്ചുള്ള പരാമർശങ്ങൾ രാത്രിമൊഴിയുടെ

അതികഥാസ്വഭാവത്തെ സൂചിപ്പിക്കുന്നതായി തിരിച്ചറിയാം. നാടോടി കഥാഖ്യാനപാരമ്പര്യത്തിന്റെ ശൈലിയിലുള്ള ബിജു. സി.പി.യുടെ മറ്റൊരു കഥാകൃത്ത് കുരിശിൽ എന്ന കഥയിൽ വായനക്കാർക്കുള്ള പാഠവും എഴുത്തുകാർക്കുള്ള പാഠവും വ്യത്യസ്തമായി എഴുതിയതിൽ നിന്ന് ആഖ്യാനത്തിന്റെ രാഷ്ട്രീയം പലപ്പോഴും വ്യത്യസ്ത പരിപ്രേക്ഷ്യത്തിലാണെന്ന് കണ്ടെത്താം. എഴുത്തുകാരനേക്കാൾ വായനക്കാരന് പ്രാധാന്യം നൽകുന്ന അനുവാചകപ്രതികരണ സിദ്ധാന്തത്തിനാണ് ഈ കഥയിൽ പ്രാധാന്യം നൽകിയിരിക്കുന്നതെന്ന് തിരിച്ചറിയേണ്ടതാണ്.

ദൃശ്യമാധ്യമങ്ങൾ സ്ത്രീകളെ ചൂഷണം ചെയ്യുന്നത് പ്രമേയമായ പി. വി. ഷാജികുമാറിന്റെ വെള്ളരിപ്പാടത്തിൽ ഉന്മാദത്തിലേക്കു വഴുതുന്ന സ്ത്രീമനസ്സിനെ ചിത്രീകരിക്കാൻ ഭ്രമാത്മകത എന്ന ആഖ്യാനതന്ത്രമാണ് കഥാകൃത്ത് സ്വീകരിച്ചത്. ദൃശ്യമാധ്യമങ്ങൾക്ക് സ്ത്രീ എന്നാൽ ശരീരം മാത്രമാണെന്നും ആഗോളവത്കരണത്തിന്റെ സാംസ്കാരികപരിസരമാണ് ഇതിന്റെ പശ്ചാത്തലമെന്നും വെള്ളരിപ്പാടത്തിലൂടെ മനസ്സിലാക്കാം. എൻ. പ്രഭാകരന്റെ മായാമയനിൽ കമ്പോളസംസ്കാരത്തിൽ പെട്ട് ജീവിക്കാൻ കഷ്ടപ്പെടുന്ന സാധാരണക്കാരൻ ഉന്മാദബാധി തനാക്കുന്നത് ചിത്രീകരിക്കാനാണ് ഭ്രമാത്മകത ഉപയോഗിച്ചിരിക്കുന്നത്. ആഗോളവൽക്കരണം കേരളത്തിലെ മധ്യവർഗ്ഗ ജീവിതത്തെ എപ്രകാരം മാറ്റി മറിക്കുന്നു എന്നതിന്റെ ആവിഷ്ക്കാരമാണ് മായാമയൻ. കേരളത്തിൽ പെരുകിവരുന്ന വിവാഹേതരബന്ധങ്ങളെ ഭ്രമാത്മകതയോടെ ആവിഷ്കരിക്കുന്ന സുസ്മേഷ് ചന്ത്രോത്തിന്റെ മാംസഭുക്കുകളിൽ പുതിയ കാലത്ത് സ്ത്രീ പുരുഷബന്ധങ്ങളിൽ വന്ന പരിണാമത്തെ തിരിച്ചറിയാം. പ്രണയം എന്നത് ശരീരനിഷ്ഠമായി മാത്രം കാണുന്ന ആഗോളവത്കൃതസമൂഹത്തിന്റെ രാഷ്ട്രീയമാണ് ഈ കഥയുടെ പാഠം.

ഒരു ചിത്രകഥയുടെ ഘടനയുള്ള സന്തോഷ് ഏച്ചിക്കാനത്തിന്റെ ചിത്രകഥയിലെ നായാട്ടുകാരിൽ വിവിധ വീക്ഷണകോണുകൾ മാറി മാറി വന്ന് ആഖ്യാനത്തെ സങ്കീർണമാക്കുന്നത് പ്രമേയത്തിന്റെ സവിശേഷതകൊണ്ടാണ്. തെയ്യം ഈ കഥയിൽ ഒരു പ്രധാന രൂപകമാകുന്നുവെന്ന് തിരിച്ചറിയാം. വൈദേശികാക്രമണം പണ്ട് നമ്മുടെ സ്വത്വത്തിന് വെല്ലുവിളി ഉയർത്തിയപ്പോൾ ഇന്നത് പുതിയ രൂപത്തിലും ഭാവത്തിലും തിരിച്ചു വരുന്നതായിട്ടാണ് ഈകഥയിൽ നിന്ന് കണ്ടെത്താവുന്നത്. ആഗോളവത്ക്കരണത്തിന്റെ കാലത്ത് പുതിയ രീതികളിൽ സാംസ്കാരികാധിപത്യം ഉണ്ടാകുന്നുവെന്ന് സൂചിപ്പിക്കുന്ന ഈ കഥ നമ്മുടെ പൈതൃകവും സാംസ്കാരികസ്വത്വവും സംരക്ഷിക്കാൻ പുതുതലമുറയ്ക്ക് കഴിയുമോ എന്ന ആശങ്ക ഉണർത്തുന്നുണ്ട്. ഉത്തര കേരളത്തിലെ അനുഷ്ഠാന രൂപമായ തെയ്യം രൂപകമാവുന്ന പി.വി. ഷാജികുമാറിന്റെ ഒരു പഞ്ചതന്ത്രകഥയിൽ കമ്പോളവൽക്കരിക്കപ്പെടുന്ന പ്രാദേശിക സംസ്കൃതിയുടെ സൂചകമായിട്ട് തെയ്യത്തെ ചിത്രീകരിക്കുന്നു. പ്രാദേശികമായതിനെയെല്ലാം കമ്പോളവത്കരിച്ചാൽ ഉണ്ടാകുന്ന ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന ഈ കഥ ആഗോളവത്കരണത്തിന്റെ കമ്പോള രാഷ്ട്രീയത്തെ വിമർശിക്കുന്നതായി കണ്ടെത്താം. കെ. ആർ മീരയുടെ മച്ചകത്തെ തച്ചൻ അപഗ്രഥിച്ചപ്പോൾ ഐതിഹ്യം എപ്രകാരമാണ്